ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.02.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ- എഐ ഇംപാക്ട് ഉച്ചകോടിയുടെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായി മുംബൈയിൽ കൂടിക്കാഴ്ച നടത്തും.
   **Prime Minister Narendra Modi will meet French President Emmanuel Macron in Mumbai today as part of the India-AI Impact Summit.**
2. സഹകരണ മേഖലയിലെ വിപുലീകരണ പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി കേന്ദ്രമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഗുജറാത്തിൽ സഹകരണ മന്ത്രിമാരുടെ ഉന്നതതല യോഗം ചേരും.
   **Union Cooperation Minister Amit Shah will chair a high-level Manthan Meeting of Cooperation Ministers of States and Union Territories in Gujarat today.**
3. ആറാമത് ഇന്ത്യ-ഫ്രാൻസ് വാർഷിക പ്രതിരോധ ചർച്ച ഇന്ന് ബംഗളുരുവിൽ. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ഫ്രഞ്ച് മന്ത്രി കാതറിൻ വൗട്രിനും അധ്യക്ഷത വഹിക്കും.
   **Defence Minister Rajnath Singh and French Minister of Armed Forces and Veterans Catherine Vautrin will jointly chair the 6th India-France Annual Defence Dialogue in Bengaluru today.**
4. സിബിഎസ്ഇ 10, 12 ക്ലാസുകളിലെ പരീക്ഷകൾക്ക് ഇന്ന് തുടക്കം. ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി 46 ലക്ഷം വിദ്യാർത്ഥികൾ പരീക്ഷ എഴുതും.
   **CBSE Class 10 and 12 exams begin today. 46 lakh students will appear for the exams from India and abroad.**

5. ബംഗ്ലാദേശ് പ്രധാനമന്ത്രിയായി ബിഎൻപി ചെയർമാൻ താരിഖ് റഹ്മാൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ലോക്സഭാ സ്പീക്കർ ഓം ബിർള ചടങ്ങിൽ പങ്കെടുക്കും.

**In Bangladesh, BNP chairman Tarique Rahman will swear-in as the new Prime Minister, today. Lok Sabha Speaker Om Birla will attend the swearing-in ceremony in Dhaka.**

6. ട്വൻറി- 20 ലോകകപ്പിൽ ഓസ്ട്രേലിയയ്ക്കെതിരായ തകർപ്പൻ വിജയത്തോടെ സൂപ്പർ എട്ടിൽ സ്ഥാനമുറപ്പിച്ച് ശ്രീലങ്ക.

**Sri Lanka have sealed Super 8 berth in the T20 World Cup with a commanding victory over Australia.**

**&&&&&&&&&&&&&&&&&&**

## PREZ – AP

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ആന്ധ്രാപ്രദേശിലെത്തും. വിശാഖപട്ടണത്ത് നടക്കുന്ന ഇന്റർനാഷണൽ ഫ്ലീറ്റ് റിവ്യൂ 2026-ൽ രാഷ്ട്രപതി പങ്കെടുക്കും. ഇന്ന് വൈകുന്നേരം വിശാഖപട്ടണത്തെത്തുന്ന രാഷ്ട്രപതിയെ ഗവർണർ എസ്. അബ്ദുൾ നസീറും മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവും ചേർന്ന് സ്വീകരിക്കും. ഇന്ത്യയുടെ സമുദ്ര ശേഷിയും സഹകരണവും ശക്തിയും പ്രദർശിപ്പിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

**&&&&&&&&&&&&&**

## PM – FRENCH PREZ

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മുംബൈയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തും. ഇരുനേതാക്കളും ഇന്ത്യ-ഫ്രാൻസ് തന്ത്രപരമായ പങ്കാളിത്തത്തിലെ പുരോഗതി വിലയിരുത്തുകയും സുപ്രധാന പ്രാദേശിക- ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ പങ്കുവെക്കുകയും ചെയ്യും. 'എഐ ഇംപാക്ട് ഉച്ചകോടിയിൽ' പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രിയുടെ ക്ഷണപ്രകാരമാണ് ഫ്രഞ്ച് പ്രസിഡന്റ് ഇന്ത്യയിലെത്തുന്നത്. വൈകുന്നേരം ഇരുനേതാക്കളും 'ഇന്ത്യ-ഫ്രാൻസ് ഇന്നൊവേഷൻ വർഷം 2026' ഉദ്ഘാടനം ചെയ്യും. തുടർന്ന് ഇരു രാജ്യങ്ങളിൽ നിന്നുമുള്ള ബിസിനസ്സ് പ്രമുഖർ, സ്റ്റാർട്ടപ്പുകൾ, ഗവേഷകർ എന്നിവരെ അഭിസംബോധന ചെയ്യും.

**&&&&&&&&&&&&&**

## INDIA AI IMPACT

ആഗോള നിർമിത ബുദ്ധി രംഗത്ത് ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണ് ഇന്ത്യ-എഐ ഇംപാക്ട് ഉച്ചകോടിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ ആരംഭിച്ച അഞ്ച് ദിവസത്തെ ഉച്ചകോടിയുടെ ഭാഗമായ ഇന്ത്യ എഐ ഇംപാക്ട് എക്സ്പോ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ബ്രസീൽ പ്രസിഡൻറ് ലുല ഡ സിൽവ, സ്പെയിൻ പ്രസിഡൻറ് പെഡ്രോ സാഞ്ചോസ് തുടങ്ങി 20 ലേറെ ലോകനേതാക്കൾ ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്. . മാനവ പുരോഗതിയ്ക്കായി നിർമിത ബുദ്ധി പ്രയോജനപ്പെടുത്തുന്നതിൽ രാജ്യത്തിൻറെ പ്രതിജ്ഞാബദ്ധത ഉച്ചകോടിയിലൂടെ വ്യക്തമാകുന്നതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&

## PRADHAN –NADDA AI SUMMIT

ന്യൂഡൽഹിയിൽ നടക്കുന്ന 'ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ' കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഇന്ന് പ്രത്യേക സെഷൻ സംഘടിപ്പിക്കും. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കാഴ്ചപ്പാടിനും വികസിത് ഭാരത് 2047 എന്ന ദേശീയ ലക്ഷ്യത്തിനും അനുസൃതമായാണ് സെഷൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാനും കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരിയും ചടങ്ങിൽ പങ്കെടുക്കും. അതേസമയം, ഉച്ചകോടിയിലെ രണ്ട് സുപ്രധാന ദേശീയ പദ്ധതികൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ പി നഡ്ഡ ഇന്ന് ഉദ്ഘാടനം ചെയ്യും. ഇന്ത്യയിലെ ആരോഗ്യമേഖലയിൽ നിർമ്മിത ബുദ്ധി സുരക്ഷിതമായും, ധാർമ്മികമായും, എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടും നടപ്പിലാക്കുന്നതിനുള്ള ദേശീയ മാർഗരേഖയായ SAHI, ആരോഗ്യമേഖലയിൽ സ്വകാര്യതയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള BODH എന്നിവയാണ് ഈ പദ്ധതികൾ.

&&&&&&&&&&&&&

## VAISHNAW – AI IMPACT SUMMIT(INTRO)

രാജ്യത്തെ അതിവേഗം വളരുന്ന ക്രിയേറ്റർ സമ്പദ്‌വ്യവസ്ഥയ്ക്ക് പിന്നിൽ ശക്തമായ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളും, ഡിജിറ്റൽ വൈദഗ്ധ്യമുള്ള ജനതയും ആണെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. വിവിധ മേഖലകളിൽ നിർമിത ബുദ്ധിയുടെ പരിവർത്തനാത്മക സ്വാധീനം ചൂണ്ടിക്കാട്ടിയ കേന്ദ്ര മന്ത്രി, പുതിയ സാങ്കേതിക വിദ്യകളെ ആത്മവിശ്വാസത്തോടെ സ്വീകരിക്കുന്ന രാജ്യമാണ് ഇന്ത്യയെന്നും പറഞ്ഞു

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&

## SHAH-MANTHAN MEETING

സഹകരണ മേഖലയിലെ പ്രധാന പരിഷ്കാരങ്ങളും വിപുലീകരണ പദ്ധതികളും അവലോകനം ചെയ്യുന്നതിനായി കേന്ദ്രമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് സഹകരണ മന്ത്രിമാരുടെ ഉന്നതതല യോഗം ചേരും. പ്രധാനമന്ത്രിയുടെ 'സഹകാർ സേ സമൃദ്ധി' എന്ന കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിനുള്ള പ്രധാന ചുവടുവെപ്പാണ് ഇത്. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്കായി 2 ലക്ഷം പുതിയ വിവിധോദ്ദേശ്യ കാർഷിക വായ്പ സൊസൈറ്റികൾ, ക്ഷീര-മത്സ്യ സഹകരണ സംഘങ്ങൾ എന്നിവ സ്ഥാപിക്കുന്നതിലെ പുരോഗതി യോഗം ചർച്ച ചെയ്യും.

&&&&&&&&&&&&&

## BANGLADESH-SWEARING-IN

ബംഗ്ലാദേശ് പ്രധാനമന്ത്രിയായി ബിഎൻപി ചെയർമാൻ താരിഖ് റഹ്മാൻ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ലോക്സഭാ സ്പീക്കർ ഓം ബിർള, വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും. റഹ്മാന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട സർക്കാരിലേക്കുള്ള ബംഗ്ലാദേശിന്റെ ചുവടുമാറ്റത്തെ കേന്ദ്രവിദേശകാര്യ മന്ത്രാലയം സ്വാഗതം ചെയ്തു. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ഇന്ത്യക്ക് പുറമെ ചൈന, സൗദി അറേബ്യ, യുഎഇ, മലേഷ്യ, ശ്രീലങ്ക തുടങ്ങി 13 രാജ്യങ്ങളിലെ ഭരണത്തലവന്മാരെ ക്ഷണിച്ചിട്ടുണ്ട്.

&&&&&&&&&&&&&

## EXPORT IMPORT DATA

ഇന്ത്യയുടെ മൊത്തത്തിലുള്ള കയറ്റുമതി, ചരക്കുവ്യാപാരം, സേവനങ്ങൾ എന്നിവയിൽ 13.17 ശതമാനം വർധന. കഴിഞ്ഞവർഷം ജനുവരിയിലെ 71.09 ബില്യൺ ഡോളറിൽനിന്ന് 80.45 ബില്യൺ ഡോളറായാണ് ഇൗവർഷം വർധന. വാണിജ്യ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം, ഈമാസം മൊത്തം ഇറക്കുമതി 18.76 ശതമാനം വളർന്നു.

&&&&&&&&&&&&&

## REV. INDIA FRANCE DEFENCE DIALOGUE (INTRO)

ബംഗളുരുവിൽ ഇന്ന് നടക്കുന്ന ആറാമത് ഇന്ത്യ-ഫ്രാൻസ് വാർഷിക പ്രതിരോധ ചർച്ചയ്ക്ക് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ഫ്രഞ്ച് സായുധ സേനാകാര്യ മന്ത്രി കാതറിൻ വൗട്രിനും അധ്യക്ഷത വഹിക്കും. പ്രതിരോധ സഹകരണ കരാർ പത്ത് വർഷത്തേക്ക് കൂടി പുതുക്കുന്നതിനൊപ്പം, 'ഹാമർ'

മിസൈലുകൾ ഇന്ത്യയിൽ നിർമ്മിക്കുന്നതിനുള്ള കരാറിലും ഇരുരാജ്യങ്ങളും ഒപ്പുവെക്കും.

വിശദാംശങ്ങളിലേക്ക്...

(വോയ്സ്)

**&&&&&&&&&&&&&**

## CBSE - CLASS 10 NEW RULES

10, 12 ക്ലാസുകളിലെ സിബിഎസ്ഇ പരീക്ഷകൾ ഇന്ന് ആരംഭിക്കും. ഇന്ത്യയിൽനിന്നും മറ്റ് 26 രാജ്യങ്ങളിൽ നിന്നുമുള്ള 46 ലക്ഷം വിദ്യാർത്ഥികളാണ് പരീക്ഷ എഴുതുന്നത്. പത്താം ക്ലാസിൽ, എല്ലാ വിദ്യാർത്ഥികളും പ്രാഥമിക പരീക്ഷ എഴുതുന്നത് നിർബന്ധമാണെന്നും ആദ്യ പരീക്ഷയിൽ മൂന്നോ അതിലധികമോ വിഷയങ്ങൾ നഷ്ടമായാൽ രണ്ടാം പരീക്ഷയ്ക്ക് അയോഗ്യരാകുമെന്നും സിബിഎസ്ഇ ഔദ്യോഗിക വിശദീകരണക്കുറിപ്പിൽ വ്യക്തമാക്കി. "എസൻഷ്യൽ റിപ്പീറ്റ്" വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് അടുത്തവർഷത്തെ മെയിൻ പരീക്ഷാ സെഷനിൽ മാത്രമേ ഈ പേപ്പറുകൾ എഴുതാനാകൂ. ഒന്നാം പരീക്ഷ വിജയിച്ചവർക്ക് മാർക്ക് മെച്ചപ്പെടുത്താൻ വീണ്ടും ഇംപ്രൂവ്മെന്റ് വിഭാഗത്തിൽ എഴുതാമെന്നും സിബിഎസ്ഇ വിശദീകരിച്ചു.

**&&&&&&&&&&&&&**

## PM - KOVIND MEET

പുതുതായി ഉദ്ഘാടനംചെയ്ത ഓഫീസ് സമുച്ചമായ 'സേവാ തീർത്ഥിൽ" പ്രധാനമന്ത്രി നരേന്ദ്ര മോദിയെ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് സന്ദർശിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ശ്രീ കോവിന്ദിന്റെ ഉൾക്കാഴ്ച ചിന്തനീയമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ അഭിപ്രായപ്പെട്ടു. സേവാതീർത്ഥയിൽ പ്രധാനമന്ത്രിയെ കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് മുൻ രാഷ്ട്രപതി പറഞ്ഞു.

**&&&&&&&&&&&&&**

## CRICKET - T20 WORLD CUP

ഓസ്ട്രേലിയയ്ക്കെതിരായ തകർപ്പൻ വിജയത്തോടെ ശ്രീലങ്ക ടി20 ലോകകപ്പിൽ സൂപ്പർ എയ്റ്റിലേക്ക് സ്ഥാനമുറപ്പിച്ചു. ഇന്നലെ രാത്രി കാൻഡിയിൽ നടന്ന മത്സരത്തിൽ മധ്യ ഓവറുകളിൽ അച്ചടക്കമുള്ള സ്പിൻ ബൗളിങ്ങിലൂടെ ശ്രീലങ്ക, ഓസ്ട്രേലിയയെ 9 വിക്കറ്റിന് 181 റൺസിൽ പിടിച്ചുകെട്ടി. ഇന്നലെ കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ നടന്ന ഗ്രൂപ്പ് സി മത്സരത്തിൽ ഇംഗ്ലണ്ട്, ഇറ്റലിയെ 24 റൺസിന് പരാജയപ്പെടുത്തി. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ ഗ്രൂപ്പ് ഡി മത്സരത്തിൽ യുഎഇയെ അഞ്ച് വിക്കറ്റിന് കീഴടക്കി, അഫ്ഗാനിസ്ഥാൻ ടൂർണമെന്റിലെ ആദ്യ വിജയം നേടി.

ഇന്ന് ന്യൂസിലൻഡ് കാനഡയെയും അയർലൻഡ് സിംബാബ്‌വെയെയും, സ്കോട്ട്ലൻഡ് നേപ്പാളിനെയും നേരിടും.

**&&&&&&&&&&&&&**

## CM – KERALA – KANNUR

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂരിൽ സയൻസ് ഐടി പാർക്കിന് തറക്കല്ലിടും. പെരളശ്ശേരിയിൽ എകെജി മ്യൂസിയം ഉദ്ഘാടനം ചെയ്യുന്ന മുഖ്യമന്ത്രി കീഴത്തൂർ പാലത്തിന്റെ ഉദ്ഘാടനവും നിർവഹിക്കും.

**&&&&&&&&&&&&&**

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽവിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

**&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&**

**&&&**